# കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന അദ്ധ്യക്ഷൻ, ജനപ്രതിനിധികൾ എന്നിവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

## ചെക്ക് ലിസ്റ്റ്

**KERALA INSTITUTE OF LOCAL ADMINISTRATION**

# ലക്ഷ്യം :-

- കോവിഡ് മുക്ത കേരളം
- കോവിഡ് പടർച്ചയുടെ ചങ്ങല പൊട്ടിക്കൽ -ബ്രെയ്ക്ക് ദി ചെയിൻ
- കോവിഡ് ബാധയുടെ ആധിക്യം കുറയ്ക്കുക – ക്രഷ് ദി കർവ്

# ഉപലക്ഷ്യങ്ങൾ:-

- കോവിഡ് മൂലമുള്ള മരണനിരക്ക് പരമാവധി കുറക്കൽ
- കോവിഡ് പകർച്ചാ സാധ്യതകൾ കണ്ടെത്തി ഇല്ലാതാക്കുക
- നമ്മുടെ പ്രദേശത്തെ ഒരു കോവിഡ് രോഗിയും ആവശ്യമായ സഹായം യഥാസമയം ലഭിക്കാതെ ഉണ്ടാകില്ല.
- ഒരാളും രോഗാവസ്ഥയിൽ കിടക്ക കിട്ടാതെ അലയുന്നില്ല
- അർഹതപ്പെട്ടവർക്കെല്ലാം വാക്സിൻ ലഭ്യമാവുന്നു
- വാക്സിനേഷൻ / ടെസ്റ്റിംഗ് കേന്ദ്രങ്ങളിൽ ഒരാളും ക്യൂവിൽ തളർന്നു വീഴുന്നില്ല
- ടെസ്റ്റിംഗിനോ / ആരോഗ്യ കേന്ദ്രങ്ങളിലേക്കോ വാഹന സൗകര്യം ലഭ്യമാകാതെ ഒരാളും അവശേഷിക്കുന്നില്ല
- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അഭാവം കൊണ്ട് രോഗങ്ങൾ പകരുന്ന സ്ഥിതി ഉണ്ടാകുന്നില്ല.
- നമ്മുടെ പ്രദേശത്ത് ഒരാളും ഭക്ഷണം കിട്ടാതെ പട്ടിണി കിടക്കുന്നില്ല

# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ തദ്ദേശ സ്വയം ഭരണ സ്ഥാപന തല മാനേജ്മെന്റ്

a) തദ്ദേശ സ്വയം ഭരണ സ്ഥാപന ഓഫീസ് തല വാർ റൂം

   i. പഞ്ചായത്ത് / നഗരസഭയിൽ വാർ റൂം സജ്ജമാക്കും.

   ii. ഉദ്യോഗസ്ഥ ചുമതല വിഭജനം, പ്രവർത്തന അവലോകനം

   iii. വാർഡ് തലത്തിൽ കോവിഡ് പ്രതിരോധപ്രവർത്തന സംഘം സദാ പ്രവർത്തന സജ്ജമായിരിക്കും

b) 24 മണിക്കൂറും ബന്ധപ്പെടാൻ കഴിയുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനവും & ഹെൽപ് ലൈൻ നമ്പറുകളും

c) കോവിഡ് പ്രതിരോധത്തിന് നിലവിലുള്ള കമ്മിറ്റികളെ പ്രവർത്തനക്ഷമമാക്കൽ - വാർഡ് തല ശുചിത്വ ആരോഗ്യ സമിതി, വാർഡ് തല മോണിട്ടറിംഗ് സമിതി, ആർ.ആർ.ടി., ഡി.സി.സി./ സി.എഫ്.എൽ.ടി.സി.കളിലെ മാനേജ്മെന്റ് റ് കമ്മിറ്റികൾ തുടങ്ങിയവ കൃത്യമായി യോഗം ചേരുന്നു എന്നുറപ്പാക്കൽ

d) പ്രതിദിന ഓൺലൈൻ വിലയിരുത്തലുകൾ - രാവിലെയും വൈകുന്നേരവും

e) കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ ഉണ്ടാക്കൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ

f) പോലീസ്, റവന്യൂ, ദുരന്ത നിവാരണ അതോറിറ്റി, സർക്കാർ പ്രത്യേകമായി നിയോഗിച്ച ഉദ്യോഗസ്ഥർ സന്നദ്ധ പ്രവർത്തകർ എന്നിവരുടെ പ്രവർത്തനത്തിന്റെ ഏകോപനവും പിന്തുണയും

g) ഫണ്ട് വിനിയോഗത്തിലെ തടസങ്ങൾ നീക്കൽ

# വാർഡ് തലത്തിൽ നടപ്പാക്കേണ്ട അധിക പ്രവർത്തനങ്ങൾ

a) 50 വീടുകൾക്ക് ഒന്ന് എന്ന കണക്കിൽ സന്നദ്ധ പ്രവർത്തകരുടെയും ആരോഗ്യ പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മ

b) പ്രതിദിന ഓൺലൈൻ വിലയിരുത്തലുകൾ - രാവിലെയും വൈകുന്നേരവും

c) വാക്സിനേഷൻ രജിസ്ട്രേഷന് സഹായം നൽകൽ

d) വാർഡ് / ഡിവിഷനിലെ രോഗികളെ സംബന്ധിച്ച വിവരങ്ങളും ആവശ്യങ്ങളും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിലെത്തിച്ച് പരിഹാരം കണ്ടെത്തുക.

e) ‘ബ്രെയ്ക്ക് ദി ചെയിൻ’, ‘ക്രഷ് ദി കെർവ്’ എന്നിവ വാർഡിനകത്ത് ഉറപ്പാക്കണം.

f) പ്രവർത്തനങ്ങളിൽ അയൽക്കൂട്ടങ്ങളുടെയും, റെസിഡൻസ് അസോസിയേഷനുകളുടെയും പിന്തുണ ഉറപ്പാക്കൽ

# ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ / അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ (ചെക്ക് ലിസ്റ്റ്)

KERALA INSTITUTE OF LOCAL ADMINISTRATION

# 1. ചികിത്സാ സംബന്ധമായത്

a. നിലവിലുള്ള  ആക്റ്റീവ് കേസുകൾ

b. ഇന്നത്തെ പുതിയ കേസുകൾ

c. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്

d. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ടവർ

e. 24 മണിക്കൂറിന് ഇടയിലുള്ള  മരണം

f. മരുന്ന് ലഭ്യത  / ഓക്സിജൻ

g. പൾസ് ഒക്സീമീറ്റർ

h. മെഡിക്കൽ ടീമിന്റെ സേവനം - പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നേതൃത്വം (ടെലിമെഡിസിൻ)

i. മറ്റ് ഗുരുതര രോഗങ്ങളുമായി വീട്ടിൽ കഴിയുന്നവർക്ക് തുടർ ചികിത്സ

# 2 വാക്സിൻ സംബന്ധമായത്

a) ലഭ്യമായവരുടെ എണ്ണം

b) ലഭിക്കാത്തവരുടെയും എണ്ണം

c) രജിസ്ട്രേഷൻ ക്രമീകരണങ്ങൾ

d) വാക്സിൻ കേന്ദ്രങ്ങളിലെ സ്ഥല സൗകര്യങ്ങൾ , തിരക്ക് ഒഴിവാക്കാനുള്ള ക്രമീകരണം

# 3. ക്വാറന്റൈയിൻ സംബന്ധമായത്

a) CFLTC/SLTC/DCC എന്നിവയ്ക്ക് സ്ഥലം കണ്ടെത്തൽ

b) വീടുകളിലെ ഹോം ക്വാറന്റൈയിൻ സൗകര്യങ്ങൾ

c) പിന്തുണ സേവനങ്ങൾ ഉറപ്പാക്കൽ

i. ഭക്ഷണം, കുടിവെള്ളം

ii. മരുന്ന്

iii. വൈദ്യുതി

iv.മാനസിക പിന്തുണ – കൗൺസിലിംഗ്

v. സ്ത്രീകൾക്ക് പ്രത്യേക പരിഗണന - സാനിറ്ററി പാഡ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ പരിഗണിക്കണം

# 4. ആശയ വിനിമയ സംബന്ധമായത്

a) ആരോഗ്യ സംവിധാനങ്ങളുടെയും, ആരോഗ്യ പ്രവർത്തകരുടെയും, സന്നദ്ധപ്രവർത്തകരുടെയും ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ

b) പൊതുജനങ്ങൾക്ക് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച അറിവ് പകരാനുള്ള സംവിധാനം. - ബ്രെയ്ക്ക് ദി ചെയിൻ, ബാക്ക് ടു ബേസിക്സ്, ക്രഷ് ദി കെർവ്

c) തദ്ദേശ സ്വയം ഭരണ സ്ഥാപന ഓഫീസിൽ ലഭ്യമാകുന്ന മുഖ്യമന്ത്രിയുടെയും, ആരോഗ്യ വകുപ്പ്, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നുമുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും യഥാസമയം ലഭ്യമാകാനും ജനങ്ങൾക്ക് കൈമാറാനുമുള്ള സംവിധാനം.

d) തദ്ദേശ സ്ഥാപന തല ഹെൽപ്പ് ലൈൻ നമ്പർ ജനങ്ങളെ അറിയിക്കൽ

# 5.നിയമ നടപടികൾ (എൻഫോഴ്സ്മെന്റ്) സംബന്ധമായത്

a) തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്ത് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പാക്കുക. ഇതിനായി സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരെ പ്രവർത്തനക്ഷമമാക്കുക.

b) തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തെ മാളുകള്, കച്ചവട സ്ഥാപനങ്ങൾ, ചന്തകൾ എന്നിവിടങ്ങളിലെ ആൾക്കൂട്ടം ക്രമീകരിക്കൽ

c) കല്യാണങ്ങൾ, മരണങ്ങൾ , ആരാധനാലയങ്ങൾ എന്നിവിടങ്ങളിലെ ചടങ്ങുകളിൽ പങ്കാളിത്തം നിയന്ത്രിക്കൽ

d) രാഷ്ട്രീയ, സാമൂഹ്യ, മത സംഘടനാ യോഗങ്ങൾ എന്നിവ കോവിഡ് വ്യാപനം കുറയുന്നത് വരെ മാറ്റിവെയ്ക്കാനുള്ള ഇടപെടൽ

e) കൺടെയിൻമെന്റ് സോണുകൾക്ക് ഏർപ്പെടുത്തേണ്ട പ്രത്യേക നിബന്ധനകൾ - സർക്കാർ നിർദ്ദേശ പ്രകാരമുള്ള അവശ്യ സർവ്വീസുകൾ ഏതെല്ലാം?

f) വാർഡിൽ നടക്കുന്ന എല്ലാ ചടങ്ങുകളും സംബന്ധിച്ച വിവരങ്ങൾ സെക്ടറൽ മജിസ്ട്രേറ്റ്മാർക്ക് കൈമാറുക.

# 6. ലോജിസ്റ്റിക്ക് സംബന്ധമായത്

a) തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തിന് അകത്ത് കേന്ദ്രങ്ങളിൽ ലഭ്യമായ കിടക്കകൾ

b) തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തിനു പുറത്ത് ആരോഗ്യ കേന്ദ്രങ്ങളിൽ കിടക്ക ലഭ്യമായ കേന്ദ്രങ്ങൾ

c) ആംബുലൻസ് / വാഹന സൗകര്യം

d) പൾസ് ഒക്സീമീറ്റർ ഉൾപ്പെടെയുള്ള അടിയന്തിര മെഡിക്കൽ ഉപകരണങ്ങൾ പ്രാദേശിക സമൂഹത്തിന്റെ സഹായത്തോടുകൂടി സമാഹരിക്കലും വാർഡുകളിൽ ലഭ്യമാക്കലും.

e) പട്ടിക വർഗ്ഗ സങ്കേതങ്ങള്, പട്ടിക ജാതി സങ്കേതങ്ങൾ, തീരദേശ സങ്കേതങ്ങൾ, പ്ലാന്റേഷൻ സങ്കേതങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ പ്രത്യേക ഇടപെടൽ

f) അംഗണവാടി /സ്കൂൾ അദ്ധ്യാപകർ വഴി അർഹതപ്പെട്ട കുട്ടികൾക്ക് ഭക്ഷ്യ കിറ്റ് ലഭ്യമാക്കൽ

# 7. മാലിന്യ പരിപാലന സൗകര്യം

a) ഡി.സി.സി., സി.എഫ്.എൽ.ടി.സികളിലെ മാലിന്യ പരിപാലനം

b) ക്വാറന്റെയിൻ ചെയ്യപ്പെട്ട വീടുകളിലെ മാലിന്യ പരിപാലനം

c) എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പാക്കി വാതിൽപ്പടി ശേഖരണവും സംസ്കരണവും ഉറപ്പാക്കൽ

d) പൊതു നിരത്തുകളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കി പകർച്ച വ്യാധി തടയൽ

കുറിപ്പ് :- കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ഉണ്ടാകുന്ന സർക്കാർ ഇറക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചും പ്രാദേശിക കോവിഡ് സാഹചര്യങ്ങൾ പരിഗണിച്ചും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഇടപെടൽ നടത്തുകയും ഈ ചെക്ക് ലിസ്റ്റ് പുതുക്കലിന് വിധേയമാക്കാവുന്നതുമാണ്.



KILA Help Desk

0487-2455000
0487-2204097

helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

**KERALA INSTITUTE OF LOCAL ADMINISTRATION**

**Website : www.kila.ac.in, Email : info@kila.ac.in**